പ്രഖ്യാപിക്കാൻ കഴിയാത്ത ഒരു അവസ്ഥയാണ്. ഞങ്ങൾ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പറഞ്ഞതുപോലെ ഭൂമിശാസ്ത്രപരമായ അവസ്ഥയും പിന്നോക്കാവസ്ഥയും ജനസംഖ്യയുമൊക്കെ കണക്കിലെടുക്കും. .അതൊക്കെ കണക്കിലെടുത്ത് ഈ ഗവൺമെന്റ് താലൂക്ക് പ്രഖ്യാപിക്കും. ആ താലൂക്ക് പ്രഖ്യാപിക്കുമ്പോൾ അർഹമായ പ്രാധാന്യങ്ങൾ എന്തൊക്കെയുണ്ടോ അതെല്ലാം ഉൾപ്പെടും. അത് ഉൾപ്പെടുത്തുമ്പോൾ ഈ ചാലക്കുടിയും പരിഗണിക്കപ്പെടുന്നതാണെങ്കിൽ അതും ഉൾപ്പെടും. ഈ അടിസ്ഥാനത്തിലുള്ള ഒരു മനോഭാവം ഈ കാര്യത്തിൽ വേണം. പട്ടാമ്പിയും ഈ പരിഗണനയിൽ വരുന്നതാണെങ്കിൽ പട്ടാമ്പിക്കും കിട്ടുന്നതാണ്. അതുകൊണ്ട് മറുഭാഗത്തു നിങ്ങൾ ചെയ്തതു പോലെ ഞങ്ങൾ പക്ഷപാതിത്വമൊന്നും കാണിക്കുകയില്ല. അർഹമായ പരിഗണന എല്ലാവർക്കും കിട്ടും. കഴിയുന്നതും വേഗം അതിന് ഒരു തീരുമാനമെടുത്ത് പ്രഖ്യാപിക്കും.

(11) കേരള നഗര വികസന-ഗ്രാമവികസന കോർപ്പറേഷനുകളുടെ ശോച്യാവസ്ഥ

ശ്രീ. എം. ദാസൻ : കേരള നഗര വികസന ധനകാര്യ കോർപ്പറേഷന്റെയും ഗ്രാമവികസന കോർപ്പറേഷന്റെയും ശോച്യാവസ്ഥയെ സംബന്ധിച്ചാണ് എനിക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 1970-ൽ രൂപീകരിച്ച കേരള നഗര വികസന ധനകാര്യ കോർപ്പറേഷന്റെ 30 വർഷക്കാലത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസിലാകും. കേരളത്തിലെ നഗരസഭകൾക്കു ആവശ്യമായ ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ഈ കോർപ്പറേഷൻ രൂപീകരിച്ചത്. ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്താനും നഗര വികസന കോർപ്പറേഷന്റെയും ഗ്രാമവികസ കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ രൂപത്തിൽ ഈ സ്ഥാപനങ്ങളെ മാറ്റിയെടുക്കാനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ കെ.യു.ഡി.എഫ്.സി. ഒരു ശോച്യാവസ്ഥയിലല്ല എന്നറിയിക്കാൻ എനിക്ക് താത്പര്യമുണ്ട്. മാത്രവുമല്ല കഴിഞ്ഞ കാലങ്ങളിൽ നഗരസഭകൾ ധാരാളം കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടായിരുന്നു. മിക്കവാറും കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. ഇപ്പോൾ സാമ്പത്തികമായും മെച്ചപ്പെട്ട ഒരു അവസ്ഥയിലാണ് അത് പ്രവർത്തിക്കുന്നത്. കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയിൽ കൊണ്ടുവരുന്നതിനുവേണ്ടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു നാലംഗ സമിതിയെ നിശ്ചയിച്ചിട്ടുണ്ട്. ആ സമിതിയുടെ റിപ്പോർട്ട് കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള മാറ്റം വരുത്തും. പിന്നെ ആർ.ബി.ഡി. അതിന് പഞ്ചായത്തുകൾക്ക് ഷോപ്പിംഗ് കോപ്ലക്സ് അതുപോലുള്ള മറ്റു കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന ജോലിയായിരുന്നു. അത് വേണ്ടെന്നുവച്ച് അതൊരു

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ സ്ഥാപനമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1971-ലെ കേരളാ ഗ്രാമവികസന ബോർഡ് ആക്ട് റദ്ദാക്കുന്നതിനുവേണ്ടിയുള്ള ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അത് പാസ്സാകുന്നമുറയ്ക്ക് അത് ധനകാര്യ സ്ഥാപനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കും. അതോടുകൂടി അതിന്റെ പ്രവർത്തനങ്ങളും മെച്ചപ്പെടും. ഈ രണ്ടു സ്ഥാപനങ്ങളും ഒന്നാക്കുക എന്നുള്ള നിർദ്ദേശം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(12) പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ സർവ്വകലാശാലാ ബിരുദം എടുക്കാനുള്ള സാദ്ധ്യത ഇല്ലാതാകുന്നത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടാണ് എന്റെ സബ്മിഷൻ. സാധാരണ ഒരു ഭരണപരിഷ്ക്കാരം ഉണ്ടാകുമ്പോൾ നിലവിലുള്ള ചില സമ്പ്രദായങ്ങൾ ഉണ്ട്. ആ സമ്പ്രദായത്തിൽ വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കുന്ന ആളുകൾക്ക് അതിന്റെ കണ്ടിന്യൂവിറ്റി കൊടുക്കണം. നമ്മുടെ സംസ്ഥാനത്ത് പ്രൈവറ്റ് അപ്പിയറൻസിനുവേണ്ടിയുള്ള സാദ്ധ്യത വച്ച് പതിനായിരക്കണക്കിന് കുട്ടികൾ സർവ്വകലാശാലകളിൽ പേര് രജിസ്റ്റർ ചെയ്ത് ഒരു നിശ്ചിതപ്രായം കഴിയുമ്പോൾ അവർക്ക് ഡിഗ്രി വരെ എഴുതാൻ പറ്റുന്ന ഒരു സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഇപ്പോൾ പ്രീ-ഡിഗ്രി ഡീലിങ്ങ് ചെയ്തതോടുകൂടി നമ്മുടെ സർവ്വകലാശാലയിലെ എക്സാമിനേഷൻ വിങ്ങും എക്സാമിനേഷൻ സമ്പ്രദായവും മാറുകയാണ്. സർവ്വകലാശാലകളിൽ പ്രീ-ഡിഗ്രി എക്സാമിനേഷൻ തന്നെ ഇല്ലാതാവുകയാണ്. അങ്ങനെ വരുമ്പോൾ പ്രൈവറ്റ് അപ്പിയറൻസിന് വരുന്ന കുട്ടികൾക്ക് പ്രൈവറ്റ് അപ്പിയറൻസിനുള്ള സാദ്ധ്യത ഇല്ലാതാകുന്നു. അവരുടെ സർവ്വകലാശാലാ പരീക്ഷ മുടങ്ങിപ്പോകുന്നു. അതോടൊപ്പം അവർക്ക് തുടർന്നും വിദ്യാഭ്യാസം നടത്തുന്നതിന് പ്രത്യേകിച്ചും ഇവർ സമൂഹത്തിലെ വളരെ സാധുക്കളായിട്ടുള്ള ആളുകളാണ്. ഡിഗ്രി എടുക്കണം എന്നുള്ള ഒരു മോഹം കൊണ്ടാണ് ഈ ഓപ്പൺ സമ്പ്രദായത്തിൽ പരീക്ഷ എഴുതുന്നത്. അപ്പോൾ ഡിഗ്രിക്കു എഴുതുന്ന ആളുകൾക്ക്, അവർക്ക് ഡിഗ്രി സമ്പാദിക്കാനുള്ള സാദ്ധ്യത ഇല്ലാതാകുകയാണ്. അതിന്റെ പേരിൽ ഒരു മാനസിക സംഘർഷവും, വിഷമവും നമ്മുടെ ഈ പ്രൈവറ്റ് അപ്പിയറൻസിലുള്ള കുട്ടികൾക്കുണ്ട്. അത് മാറ്റുന്നതിനുവേണ്ടിയുള്ള ഈ ഓപ്പൺ സമ്പ്രദായത്തിൽ പരീക്ഷ നടത്തുന്നതിന് ഇപ്പോഴുള്ള തടസ്സത്തെ സംബന്ധിച്ച് കുട്ടികൾക്കുണ്ടായ ആശങ്ക ദൂരീകരിക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അതിന്റെ ഒരു യഥാർത്ഥ വിവരം പറയാൻ ഈ സബ്മിഷനിലൂടെ അവസരം ഉണ്ടായിരിക്കുകയാണ്. 1999 ആഗസ്റ്റ് മാസത്തിൽ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. 14 ജില്ലകളിലായി 22 സെന്ററുകൾ ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly